# Malayala Manorama

# 18 August 2018

# CM’s Flood Relief Fund

## പെരുവെള്ളപ്പാച്ചിലിൽ കേരളം; പലതുള്ളിയായി സഹായപ്രവാഹം

**മനോരമ ലേഖകർ**

കാലവർഷക്കെടുതിയിൽ ബുദ്ധിമുട്ടുന്ന കേരളത്തിനു തെലങ്കാനയുടെ സഹായമായി 25 കോടി രൂപയും 2.5 കോടി രൂപ വിലവരുന്ന 10 ജലശുദ്ധീകരണ പ്ലാന്റും. മുഖ്യമന്ത്രി കെ. ചന്ദ്രശേഖര റാവു ആണ് സഹായം പ്രഖ്യാപിച്ചത്. പഞ്ചാബ് സർക്കാർ പത്തു കോടി രൂപ നൽകും. അഞ്ചു കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു നൽകിക്കഴിഞ്ഞെന്നും അഞ്ചു കോടിയുടെ ഭക്ഷ്യവസ്തുക്കൾ എത്തിക്കുമെന്നും പഞ്ചാബ് മുഖ്യമന്ത്രി ക്യാപ്റ്റൻ അമരീന്ദർ സിങ് അറിയിച്ചു. പഞ്ചാബ് കേഡറിലെ ഐഎഎസ് ഉദ്യോഗസ്ഥരുടെ അസോസിയേഷൻ ഒരു ദിവസത്തെ ശമ്പളം കൈമാറും. മഹാരാഷ്ട്ര സർക്കാർ അഞ്ചു കോടി രൂപ നൽകും.

മുഖ്യമന്ത്രിയുടെ പ്രളയ ദുരിതാശ്വാസ നിധിയിലേക്കു രാംകോ ഗ്രൂപ്പിന്റെ സംഭാവനയായി രണ്ടു കോടി രൂപ നൽകി. വെല്ലൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഒരു കോടി രൂപ സംഭാവന ചെയ്തു. ക്രിക്കറ്റ് താരം സഞ്ജു സാംസൺ 15 ലക്ഷം രൂപ സംഭാവന നൽകി. കുട്ടനാട്ടിലെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സഞ്ജു കഴിഞ്ഞയാഴ്ച ഒരു ലക്ഷം രൂപ നൽകിയിരുന്നു.

കിംസിന്റെ 10 ലക്ഷം രൂപ സംഭാവന ചെയർമാൻ ഡോ. എം.ഐ. സഹദുള്ള കൈമാറി. തമിഴ് നടൻ വിശാൽ 10 ലക്ഷം രൂപ നൽകും.

പ്രളയദുരിതാശ്വാസ ഫണ്ടിലേക്കായി പാരഗൺ ഗ്രൂപ്പ് കമ്പനി രണ്ടു കോടി രൂപ കോട്ടയം കലക്ടർക്കു കൈമാറി. പ്രളയബാധിതർക്കായി 25,000 ചെരിപ്പുകളും നൽകും. പത്തനംതിട്ട, ഇടുക്കി, വയനാട് ജില്ലകളിലേക്കും ചെരിപ്പുകൾ വാഗ്ദാനം ചെയ്തിട്ടുണ്ട്.

കൊച്ചി പോർട്ട് ട്രസ്റ്റ് ജീവനക്കാരുടെ ഒരു ദിവസത്തെ വേതനമായ 31 ലക്ഷം രൂപയും പോർട്ട് ട്രസ്റ്റ് ഫണ്ടിൽനിന്നുള്ള 31 ലക്ഷം രൂപയും ചേർത്ത് 62 ലക്ഷം രൂപ ദുരിതാശ്വാസ നിധിയിലേക്കു നൽകും.

തിരുവനന്തപുരം രാജീവ് ഗാന്ധി സെന്റർ ഫോർ ബയോ ടെക്നോളജി സെന്ററിലെ സ്റ്റാഫും വിദ്യാർഥികളും ചേർന്ന് 25 ലക്ഷം രൂപ ദുരിതാശ്വാസ നിധിയിലേക്കു സംഭാവന നൽകി.

ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കു ധനസഹായം അഭ്യർഥിച്ച് കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ (സിബിസിഐ) അധ്യക്ഷൻ കർദിനാൾ ഓസ്വൾഡ് ഗ്രേഷ്യസ് കത്തോലിക്ക സഭയിലെ മെത്രാൻമാർക്കും സ്ഥാപനങ്ങളുടെ മേധാവികൾക്കും മറ്റും കത്തെഴുതി. അക്കൗണ്ട് വിവരങ്ങൾ: Caritas India, SB A/c No: 015305300007238, IFSC: SIBL0000153, South Indian Bank, Connaught Place, New Delhi - 110001.

### ഓടപ്പള്ളിയിൽ നിന്ന് ഒഡീഷ സർക്കാരിനു വിളി

ഭുവനേശ്വർ ● കേരളത്തിൽ ജോലിക്കായി എത്തി പ്രളയക്കെടുതിയിൽ അകപ്പെട്ടവർ അടിയന്തര രക്ഷാസഹായം തേടി ഒഡീഷ സർക്കാരിനു സന്ദേശമയച്ചു.

ആലുവ - മൂന്നാർ റോഡിനടുത്ത് ഓടപ്പള്ളിയിൽ കുടുങ്ങിയ 130 പേരെ സഹായിക്കണമെന്ന് ആവശ്യപ്പെട്ട് അനിൽ സേത്തി എന്നയാളാണ് സന്ദേശം അയച്ചത്. ഇവർക്കു ഭക്ഷണവും കുടിവെള്ളവും എത്തിക്കാൻ ഇടപെടണമെന്ന് ആവശ്യപ്പെട്ട് ഒഡീഷ ചീഫ് സെക്രട്ടറി കേരളത്തിനു കത്തു നൽകി.